I/132750/2024

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035 ഇ മെയിൽ: dhskerala.hlth@kerala.gov.in
വെബ്സൈറ്റ് : www.dhs.kerala.gov.in ഫോൺ. 0471-2302490, 2303025

DHS/6100/2023-FWA4

തീയതി.05-01-2024

## സർക്കുലർ

വിഷയം:- ആരോഗ്യവകുപ്പ് – ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം അപേക്ഷ സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഉത്തരവ് നം. DHS/12345/2023-FWA4 തീയതി. 14.12.2023

മേൽ സൂചന പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്ന് അന്തർജില്ലാ സ്ഥലം മാറ്റത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സ്ഥലം മാറ്റം ലഭിക്കുന്നതിന് അർഹതയുള്ള ജീവനക്കാർ ഈ സർക്കുലർ തീയതി മുതൽ 10 ദിവസത്തിനകം നിശ്ചിതമതൃകയിൽ ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. അഞ്ച് വർഷം സേവനം പൂർത്തിയാക്കാത്ത ജീവനക്കാരുടെ അപേക്ഷ പരിഗണിക്കുന്നതല്ല. സ്ഥാപന മേധാവികൾ മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ആഫീസർ പരിശോധിച്ച് കൃത്യത ഉറപ്പവരുത്തിയ ശേഷം 19.01.2024 നകം ലഭ്യമാക്കേണ്ടതാണ്. അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി ജെപിഎച്ച്എൻ ഗ്രേഡ് 2 വിഭാഗം ജീവനക്കാർ നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കേണ്ടതില്ലെങ്കിൽ പ്രസ്തുത വിവരം സ്ഥാപനമേധാവി മുഖാന്തിരം അറിയിക്കേണ്ടതാണ്.

Signed by
Dr. Jayasree V
Date: 05-01-2024 11:54:20

DR. JAYASREE V,
ADDITIONAL DIRECTOR OF HEALTH SERVICES
ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്,

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കും (വെബ് സൈറ്റ് മുഖേന).
3. ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖേന).

പകർപ്പ്,

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. ഫയൽ